**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 71** **24-02-2022 - ൽ മറുപടിയ്ക്ക്**

**സിനിമാ മേഖലയിൽ വനിതകൾ നേരിടുന്ന പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ എം മുകേഷ്** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സിനിമാ തൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾ അനുഭവിക്കുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പ്രത്യേക കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾക്ക് നേരിടേണ്ടി വരുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി (റിട്ട) ജസ്റ്റിസ്.കെ.ഹേമ അദ്ധ്യക്ഷയായും ശ്രീമതി ശാരദ, ശ്രീമതി കെ.ബി.വൽസലകുമാരി എന്നിവർ അംഗങ്ങളുമായി ഒരു വിദഗ്ദ്ധ സമിതിയെ 01.07.2017-ലെ സ.ഉ.(കൈ) നം.16/2017/ സാം.കാ.വ ഉത്തരവ് പ്രകാരം സർക്കാർ നിയോഗിച്ചിരുന്നു. പ്രസ്തുത സമിതി 31.12.2019-ന് സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഹേമ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിക്കുന്നതിനോ, നടപ്പിലാക്കുന്നതിനോ സർക്കാർ ഒരു പ്രത്യേക സമിതിയെ നിയോഗിച്ചിട്ടില്ല. എന്നാൽ പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ പ്രത്യേക പ്രാധാന്യം നൽകി തുടർനടപടികൾ സ്വീകരിച്ച് വരികയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ബഹു.മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം 13.07.2021-ന് സാംസ്കാരിക വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി, ചലച്ചിത്ര അക്കാദമി, ചലച്ചിത്ര വികസന കോർപ്പറേഷൻ, സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് എന്നിവയുടെ പ്രതിനിധികൾ, നിയമവകുപ്പ് സെക്രട്ടറി എന്നിവരെ ഉൾപ്പെടുത്തി ഒരു യോഗം ചേരുകയും ഹേമ സമിതി റിപ്പോർട്ടിലെ ശിപാർശകളിൽ സ്വീകരിക്കാവുന്ന തുടർ നടപടികൾ സംബന്ധിച്ച് വിശദമായി ചർച്ച നടത്തുകയും ചെയ്തു. ജസ്റ്റിസ്.കെ.ഹേമ സമിതി റിപ്പോർട്ടിലെ ശിപാർശകളിൽ ഭരണപരമായ നടപടി സ്വീകരിക്കാവുന്ന വിഷയങ്ങളിൽ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, കേരള സംസ്ഥാന |

| | | | |
|---|---|---|---|
| | | | ചലച്ചിത്ര വികസന കോർപ്പറേഷൻ, സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് എന്നിവ മുഖേന തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ വിശദമായി പരിശോധിച്ച് നടപ്പിൽ വരുത്തേണ്ട കാര്യങ്ങൾ ശിപാർശ ചെയ്യുന്നതിനായി പ്രത്യേക സമിതിയെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ സമിതിയുടെ ശിപാർശകൾ ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ലഭ്യമാകുന്ന മുറയ്ക്ക് നടപ്പിൽ വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾക്ക് നേരിടേണ്ടി വരുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി (റിട്ട) ജസ്റ്റിസ്.കെ.ഹേമ അദ്ധ്യക്ഷയായും ശ്രീമതി ശാരദ, ശ്രീമതി കെ.ബി.വൽസലകുമാരി എന്നിവർ അംഗങ്ങളുമായി ഒരു വിദഗ്ധ സമിതിയെ 01.07.2017-ലെ സ.ഉ.(കൈ) നം.16/2017/ സാം.കാ.വ ഉത്തരവ് പ്രകാരം സർക്കാർ നിയോഗിച്ചിരുന്നു. പ്രസ്തുത സമിതി 31.12.2019-ന് സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഹേമ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിക്കുന്നതിനോ, നടപ്പിലാക്കുന്നതിനോ സർക്കാർ ഒരു പ്രത്യേക സമിതിയെ നിയോഗിച്ചിട്ടില്ല. എന്നാൽ പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ പ്രത്യേക പ്രാധാന്യം നൽകി തുടർനടപടികൾ സ്വീകരിച്ച് വരികയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ബഹു.മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം 13.07.2021-ന് സാംസ്കാരിക വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി, ചലച്ചിത്ര അക്കാദമി, ചലച്ചിത്ര വികസന കോർപ്പറേഷൻ, സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് എന്നിവയുടെ പ്രതിനിധികൾ, നിയമവകുപ്പ് സെക്രട്ടറി എന്നിവരെ ഉൾപ്പെടുത്തി ഒരു യോഗം ചേരുകയും ഹേമ സമിതി റിപ്പോർട്ടിലെ ശിപാർശകളിൽ സ്വീകരിക്കാവുന്ന തുടർ നടപടികൾ സംബന്ധിച്ച് വിശദമായി ചർച്ച നടത്തുകയും ചെയ്തു. ജസ്റ്റിസ്.കെ.ഹേമ സമിതി റിപ്പോർട്ടിലെ ശിപാർശകളിൽ ഭരണപരമായ നടപടി സ്വീകരിക്കാവുന്ന വിഷയങ്ങളിൽ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് എന്നിവ മുഖേന തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ